# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 08/11/ 2020


## വീട്ടിൽ അതിക്രമിച്ച് കയറി യുവാവിനെയും ഭാര്യയേയും പരിക്കേൽപ്പിച്ച പ്രതികൾ അറസ്റ്റിൽ

കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്ന കേസിലെ പ്രതികളെ ചാത്തന്നൂർ എ സി പിയുടെ മേൽനോട്ടത്തിൽ കൊട്ടിയം എസ് ഐ സുജീത് ജി നായരും സംഘവും ആണ് അറസ്റ്റ് ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിൽ പോകാൻ ശ്രമിച്ച പ്രതികളെ പിടികൂടുന്നതിലേക്കായി നടത്തിയ തെരച്ചിലിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.


From Left :Sudin(18), Subin(27), Maneesh(23), Deepu(28),Shafi(21)

1. ആദിച്ചനല്ലൂർ വില്ലേജിൽ ഇത്തിക്കര വളവിൽ വയലിൽ പുത്തൻ വീട്ടിൽ സൂധീർ മകൻ സുധി വയസ്സ് 18,
2. ആദിച്ചനല്ലൂർ വില്ലേജിൽ പ്ലാക്കാട് ചേരിയിൽ സുബിത ഭവനത്തിൽ മുരുകൻ മകൻ സുബിൻ വയസ്സ് 27,.
3 ചിറക്കര വില്ലേജിൽ ചിറക്കര ചേരിയിൽ തോട്ടിൻകര പുത്തൻ വീട്ടിൽ മധു സൂദനൻ മകൻ മനീഷ് വയസ്സ് 23,
4. ആദിച്ചനല്ലൂർ വില്ലേജിൽ വടക്കേ മൈലക്കാട് ചേരിയിൽ ശിവൻ നട പടിഞ്ഞാറ്റതിൽ ദീപ്തി നിവാസിൽ ഓമനകുട്ടൻ മകൻ ദീപു വയസ്സ് 28 ,
5. ആദിച്ചനല്ലൂർ വില്ലേജിൽ പ്ലാക്കാട് ചേരിയിൽ തൊടിയിൽ വീട്ടിൽ നിന്നും കണ്ണനല്ലൂർ വടക്കേമുക്കിൽ അഹമ്മദ് മൻസിലിൽ വാടകയ്ക്ക് താമസം ബഷീർ മകൻ ഷാഫി വയസ്സ് 21 എന്നിവരാണ് അറസ്റ്റിലായത് . പ്രതികൾ മദ്യപിക്കുന്നതും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനുമെതിരെ ആവലാതിക്കാരി പോലീസിൽ പരാതി കൊടുത്തതിലുള്ള വിരോധം നിമിത്തം 04.11.2020 വൈകി 05.45 മണിയോട് കൂടി പ്രതികൾ വീട്ടിൽ അതിക്രമിച്ച് കയറി ആവലാതിക്കാരിയുടെ ഭർത്താവിനെ ചീത്ത വിളിച്ചും ദോഹോപദ്രവം ഏല്പ്പിച്ചും തടസ്സം പിടിക്കാൻ ചെന്ന ആവലാതിക്കരിയേയും സഹോദരിയേയും ദേഹോപദ്രവം ഏല്പ്പിച്ച.സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയായിരുന്നു.

ജില്ലാ പോലീസ് മേധാവിയുടെ നിർദേശാനുസരണം ചാത്തന്നൂർ എ സി പി ശ്രീ ഷൈനു തോമസിൻറെ മേൽനോട്ടത്തിൽ കൊട്ടിയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ, യു പി വിപിൻ കുമാറിൻറെ നേതൃത്വത്തിൽ കൊട്ടിയം എസ് ഐമാരായ സുജീത്ജി നായർ, പ്രവീൺ,രമാകാന്തൻ ,പ്രൊബോഷണറി എസ് ഐ ശിവപ്രസാദ്, എ എസ്സ് ഐ സുനിൽ , എ ആർ സി പി ഒ ശ്യാം , DVR CPO ദിലീപ് എന്നിവർ അടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതിയെ കൊല്ലം ജെ എഫ് എം സി 2 കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.